

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

**10 JULY 2020**

**18 DHUL-QADDAH 1441 AH**

# Duahs (Invocations) (Pt. 1)

## ദുആകൾ (ഭാഗം – 1)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദുആകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വിശുദ്ധഖുർആനിലെ 27-ാം അധ്യായമായ സൂറ അന്നംലിൽ നിന്നും 63-ാം വചനം ഓതി ഖലീഫത്തുല്ലാഹ് ഖുതുബയിലേക്ക് കടന്നു.

أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ ٱلسُّوٓءَ وَيَجْعَلُكُمْ خُلَفَآءَ ٱلْأَرْضِ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ۝

(പറയുക) ഗതിമുട്ടിയവൻ പ്രാർത്ഥിയ്ക്കുമ്പോൾ ഉത്തരം നല്കുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവങ്ങളുമുണ്ടോ? നിങ്ങൾ വളരെകുറച്ചു മാത്രമേ ഉപദേശം, സ്വീകരിക്കുന്നുള്ളൂ (സൂറ അന്നംല് 27:63)

അല്ലാഹുവിന്റെ സവിശേഷഗുണങ്ങളെപ്പറ്റി വിശദീകരിച്ചത് നിങ്ങൾ നന്നായി മനസ്സിലാക്കിയിട്ടുണ്ട് എന്നു കരുതുകയാണ്. ഇന്ന് ഞാൻ അല്ലാഹുവിനോടുള്ള ദുആകൾ എന്ന വിഷയത്തി

ലേക്ക് കടക്കുകയാണ്. ഇൻശാഹ് അല്ലാഹ് ! ഈ വിഷയത്തിന്റെ ആദ്യഭാഗത്ത് ഇന്ന് തുടങ്ങുന്നത് ഞാൻ തുടക്കത്തിൽ ഓതിയ ഖുർആൻ ആയത്തിന്റെ വെളിച്ചത്തിൽ, ഞാൻ നിങ്ങൾക്ക്, അല്ലാഹു എന്നെ പഠിപ്പിച്ചുതന്ന ചില ദുആകൾ പഠിപ്പിച്ചു തരികയാണ്. ഈ ദുആകൾ അല്ലാഹു(ത) അവന്റെ അപാരമായ അനുഗ്രഹത്താലും, ഔദാര്യത്താലും എനിക്ക് പഠിപ്പിച്ചുതന്നവയാകുന്നു. വ്യക്തിപരമായി പറയുകയാണെങ്കിൽ, എനിക്കു മുമ്പ് കടന്നുപോയ അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാർക്കെല്ലാംതന്നെ ഇത്തരം ദുആകൾ ഇതേ രീതിയിൽ പഠിപ്പിച്ചു കൊടുത്തിരിക്കുന്നു. നിങ്ങൾ എല്ലാവരും ഈ ദുആകൾ സശ്രദ്ധം കേൾക്കുകയും ഒടുവിൽ ഹൃദയത്തിൽ ആമീൻ പറയുകയും ചെയ്യുക.

അല്ലാഹു സുബ്ഹാനഹുവതആല, എന്റെ ഹൃദയത്തെയും മനസ്സിനെയും പ്രകാശിപ്പിക്കുകയും ഈ അസാധാരണ ദുആകൾ എന്നിലേക്ക് നല്കുകയും ചെയ്തിരിക്കുന്നു. അതുമുഖേന, ഞാൻ അവനോട് അർത്ഥിയ്ക്കുവാനായി! എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ എന്റെ യജമാനനായ അല്ലാഹുവിന്റെ വാതുക്കൽ ഭിക്ഷയാചിച്ചു നില്ക്കുന്ന വെറും ഒരു യാചകനാണ്. അവനെ അഭിസംബോധന ചെയ്യേണ്ട രീതി അവനെനിക്കു പഠിപ്പിച്ചു തന്നത് അവന്റെ മഹത്തായ ഔദാര്യം ഒന്നുകൊണ്ടു മാത്രമാണ്. ഞാൻ ഈ പറയുന്ന ദുആകൾ ഇതിനുമുമ്പേ തന്നെ നിലവിലുണ്ടായിരുന്നതാണെങ്കിൽ കൂടി എനിയ്ക്കവസംബന്ധമായി യാതൊരുവിധ മുന്നറിവും ഉണ്ടായിരുന്നില്ല. അങ്ങനെ നോക്കുമ്പോൾ, എന്റെ നാഥൻ എനിയ്ക്ക് ഈ ദുആകൾ പഠിപ്പിച്ചു തരിക വഴി എന്നോട് അങ്ങേയറ്റം അനുഗ്രഹം/ ഔദാര്യം കാണിക്കുകയാണ് ചെയ്തിരിക്കുന്നത്. തീർച്ചയായും ഈ ദുആകൾ അസാധാരണമായതാകുന്നു. അതിൽ ഞാൻ അല്ലാഹു അല്ലാഹു(ത)യോട് അങ്ങേയറ്റം സ്തുതികൾ അർപ്പിക്കുന്നു. അൽഹംദുലില്ലാഹ് ! എന്റെ അല്ലാഹു (സുബ്ഹനാഹുവതആല) അവനായിട്ടു തന്നെ എന്നെ ഈ ദുആകൾ പഠിപ്പിച്ചു തന്നതിനാൽ ഞാൻ അങ്ങേയറ്റം ഭാഗ്യവനാണ്.

അല്ലയോ! അല്ലാഹ്! ഞാൻ അങ്ങേയറ്റം ബലഹീനനാകുന്നു, തെറ്റുകൾ ചെയ്തിരിക്കുന്നവനാണ്. നിത്യവും എന്റെ ബലഹീനതകൾ കാരണമായി ഞാൻ തെറ്റിലകപ്പെട്ടുപോകുന്നു. അല്ലാഹ്! എന്റെ തെറ്റുകളെ കഴുകി എന്നെ ശുദ്ധീകരിക്കേണമേ!

എന്റെ എല്ലാ തെറ്റുകളെയും കഴുകി എന്നെ പരിശുദ്ധനാക്കേണമെ! ഹൃദയ ഭക്തികൊണ്ട് എന്റെ ഹൃദയത്തെ രക്ഷിക്കാൻ തക്കവണ്ണം എന്റെ പാപങ്ങളെ കഴുകിക്കളയേണമേ, പശ്ചാത്തപിച്ചു മടങ്ങുന്നവരുടെ പാപങ്ങളെ പൊറുത്തുകൊടുക്കുന്നവനായവനെ!

എന്റെ നാഥാ! ഞാൻ നിന്നെ മാത്രം ആശ്രയിക്കുകയും, ഭരമേല്പിക്കുകയും ചെയ്യുന്നു. നിന്നോട് മാത്രം ഞാൻ പരാതിയും പരിഭവവും പറയുകയും ചെയ്യുന്നു. ഞാൻ മറ്റാരെയും ആശ്രയിക്കുന്നില്ല. നിന്നിൽ മാത്രം ഞാൻ അഭയം പ്രാപിയ്ക്കുന്നു. നിന്റെ ദൃഷ്ടാന്തങ്ങളല്ലാതെ എനിക്ക് വഴിവെളിച്ചമായി മറ്റൊന്നുമില്ല. നീ എന്നെ ജനങ്ങളെ പരിഷ്കരിക്കുവാനായി വിട്ടിരിക്കുകയാണല്ലോ. നീ സത്യസന്ധർക്ക്, സത്യവാന്മാർക്ക് അഭയവും പിന്തുണയും നല്കുന്നവനാണല്ലോ! ആയതിനാൽ നിന്റെ കരുത്ത് കൊണ്ട് എന്നെ രക്ഷിക്കുകയും, നിന്റെ പിന്തുണ എനിയ്ക്ക് നല്കി എന്നെ അനുഗ്രഹിക്കുകയും ചെയ്യേണമേ. നീ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, എനിയ്ക്കായി നിന്റെ സ്നേഹം മാറ്റി വച്ചിട്ടുണ്ടെങ്കിൽ, എന്നെ നീ നഷ്ടകാരികളുടെ കൂട്ടത്തിലാക്കരുതെ, എന്നെ തള്ളിക്കളയരുതേ! നീ എന്നെ പുറന്തള്ളുകയാണെങ്കിൽ, പിന്നെ ആരാണ് എന്നെ സംരക്ഷിക്കുക? കാരണം നീ ആണല്ലോ ഏറ്റവും മഹത്തായ സംരക്ഷകനും രക്ഷകർത്താവും! നീ എന്റെ പ്രയാസങ്ങളെയും ദുരിതങ്ങളെയും അകറ്റേണമേ! എന്റെ ശത്രുക്കൾക്ക് നീ എന്നെ പരിഹാസപാത്രമായും, അപഹസിക്കുവാനുള്ളവനായും മാറ്റാനുള്ള അവസരം നീ കൊടുക്കരുതേ! അവിശ്വാസികൾക്കെതിരിൽ എന്നെ സഹായിക്കേണമേ!

അല്ലാഹ്! നീ ഞങ്ങൾക്ക് കനിഞ്ഞു നല്കിയ അനുഗ്രഹങ്ങൾക്കും ഔദാര്യങ്ങൾക്കും ഞാനെങ്ങനെയാണ് നന്ദി പ്രകാശിപ്പിക്കുക? നീ ശത്രുക്കളുടെ വിദ്വേഷത്തിന്റെ കാഠിന്യം കുറച്ചു നിന്റെ ദീനി (ഇസ്ലാം)നോട് അവർക്ക് തോന്നിയിരുന്ന വെറുപ്പിനെയും വിരോധത്തെയും നീ ഇല്ലായ്മ ചെയ്യേണമെ. നിന്റെ ഏകത്വത്തിൽ അടിയുറച്ചു വിശ്വസിച്ച കാരണത്താൽ അവർ ഞങ്ങളുടെ സഹോദരീ സഹോദരന്മാരെ പീഡനത്തിനു വിധേയരാക്കുകയും, അവരെ രക്തസാക്ഷികളാക്കുകയും ചെയ്തു കളഞ്ഞു. നീ ഈ പാപികളുടെ വെറുപ്പിനെയും, അഹന്തയേയും കുറച്ചു തന്നു, നിന്റെ മഹത്തായ ദൃഷ്ടാന്തങ്ങൾക്കു

മുന്നിൽ, അവർ നിസ്സഹായരായി മാറിയ കാഴ്ചയ്ക്കു ഞങ്ങൾ ദൃക്സാക്ഷികളായിരിക്കുന്നു.

ഓ! അല്ലാഹ്! പരമകാരുണികനേ! നൂഹ്(അ)നബിയുടെ ജനതയിൽ ഒരു വലിയ വിഭാഗത്തെ നീ നശിപ്പിച്ചതും, പിന്നീട് അവരോട് കരുണ കാട്ടിയതും, ഞങ്ങളുടെ ആത്മാക്കൾ സാക്ഷ്യം വഹിയ്ക്കുന്നുണ്ട്. അതുപോലെ ഭൂലോകത്തുള്ള ഈ കാലഘട്ടത്തിലെ സകല മനുഷ്യർക്കും നീ മാപ്പുകൊടുക്കേണമേ! പാപപ്പൊറുതി നല്കേണമേ! നീ അവരെ നശിപ്പിച്ചുകൊണ്ടേയിരുന്നാൽ, പിന്നെ നിന്നെ തിരിച്ചറിയുന്നതിനും, നിന്നെ വിശ്വസിയ്ക്കുന്നതിനും പിന്നെ ആരാണ് ഉണ്ടാവുക? നിന്റെ ദൃഷ്ടാന്തങ്ങളിലും നിന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസനിലും ആരു വിശ്വസിയ്ക്കും? നിന്നോട് മാത്രം പ്രാർത്ഥിയ്ക്കുവാൻ ആരാണ് കാണുക? നിന്നിൽ നിന്നുള്ള പാപപ്പൊറുതിയ്ക്കായി അർത്ഥിയ്ക്കുവാൻ ആരാണ് അവശേഷിക്കുക? അല്ലാഹ്! വരാനിരിക്കുന്ന വമ്പിച്ച വിനാശത്തിൽ നിന്നും അവരെ നീ ഒഴിവാക്കണമേ!

അല്ലാഹ്! പ്രബലനും പ്രതാപവാനും ആയവനേ! നീ നിന്റെ ദാസന്മാർക്ക് വാക്കു നല്കിയതുപോലെ, അവരുടെ എല്ലാ പരീക്ഷണഘട്ടങ്ങളിലും അവരുടെ കൂടെയുണ്ടാവും എന്നും, അവരുടെ ഓരോ സ്ഥലങ്ങളിലും, ഓരോ കാലടിയിലും, ഓരോ ദിശാസന്ധിയിലും, അവരുടെ ഓരോ എതിരാളിയ്ക്കുമെതിരിലും, നീ അവരെ, പരിശുദ്ധാത്മാവിനെ(റൂഹുൽഖുദ്സ്) കൊണ്ട് സഹായിയ്ക്കുകയും ചെയ്താലും.

ഓ അല്ലാഹ്! പ്രതാപവാനായവനേ ഞാൻ, അതുപോലെ നിന്നോട് സഹായത്തിനായി കേണപേക്ഷിക്കുകയാണ്. എല്ലാ പരീക്ഷണവേളയിലും എന്നെ സഹായിക്കേണമേ! എന്റെ ഓരോ കാലടിയിലും, ഓരോ ദശാസന്ധിയിലും എന്റെ ഓരോ എതിരാളിയ്ക്കുമെതിരിലും എന്നെ സഹായിക്കേണമെ. നിന്റെ ജമാഅത്തിനും, നിന്റെ ദീനുൽ ഇസ്ലാമിനും മാനവകുലത്തിന് പൊതുവെയും, വേണ്ടി ഞാനെടുക്കുന്ന ഓരോ തീരുമാനവും, നിന്റെ മാർഗ്ഗദർശനത്തിലും, നിന്നിൽ നിന്നുള്ളതും ആയിരിക്കേണമേ! ഈ തീരുമാനങ്ങൾ എടുക്കുന്നതിൽ എനിക്കു മാർഗ്ഗദർശനം നല്കുവാൻ നിനക്കു മാത്രമേ സാധിക്കുകയുള്ളൂ തമ്പുരാനെ!

എന്റെ നാഥാ! എന്റെ ജനങ്ങൾക്കു വേണ്ടിയുള്ള എന്റെ പ്രാർത്ഥന കേൾക്കേണമേ! എന്റെ നാഥാ! എല്ലാ മൗറിഷ്യസ് ക്കാർക്കും, ലോക മാനവസമൂഹത്തിനും വേണ്ടി, എന്റെ സഹോദരങ്ങൾക്കു വേണ്ടി, മുഹമ്മദീൻ ഉമ്മത്തിനു വേണ്ടിയുള്ള എന്റെ അർത്ഥനകളെ കേൾക്കുമാറാകേണമേ നാഥാ! നിന്റെ പ്രവാചകനായ-ഖാത്തമുൻനബിയ്യീൻ ആയ തിരു നബി(സ) പ്രാർത്ഥിച്ചപോലെ ഞാനും അപേക്ഷിക്കുന്നു. എന്റെ നാഥാ! അജ്ഞതയാകുന്ന അന്ധകാരത്തിൽ നിന്നും അവരെ അകറ്റി വെളിച്ചത്തിലേക്ക് നയിക്കേണമെ! ഹസ്രത് മുഹമ്മദ് (സ), മനഃപൂർവ്വം ദ്രോഹം ചെയ്യുന്നവർക്കു വേണ്ടി ദുആ ചെയ്യുമായിരുന്നു. പക്ഷേ തിരുനബി(സ)യുടെ ഈ ദുആ അത്തരക്കാർക്കു വേണ്ടിയുള്ളതായിരുന്നില്ല!

അങ്ങനെ മനഃപൂർവ്വം ദ്രോഹം ചെയ്യുന്നവർക്കുവേണ്ടി തിരുനബി(സ) താഴെപറയുന്ന ദുആ ചെയ്തിരുന്നു. സത്യനിഷേധികളായ ആളുകളെ ഭൂമിയിൽ വിളയാടാൻ വിടരുതേ! ദുർവൃത്തരെ നീ നശിപ്പിക്കേണമെ!

**("Allahumma sahikum tashika walaa tazar al ardze minal Kaafiriina Sharira.")** (അതായത്, അവരിൽ മനഃപൂർവ്വം ദ്രോഹം ചെയ്തവർക്ക്, അവർക്ക് നാശം വരുത്തുന്നതിനു വേണ്ടിയുള്ള ദുആ)

എന്റെ നാഥാ! മുഹമ്മദ് മുസ്തഫാ(സ)യുടേയും നിന്റെ ഔന്നത്യത്തെപ്പറ്റി ഉത്തമബോധ്യമുള്ള ഭക്തദാസരായ വിശ്വാസികളുടേയും, രാവിന്റെ യാമങ്ങളിൽ ഉണർന്നിരുന്ന് പ്രാർത്ഥനകളിൽ മുഴുകുന്നവരുടെയും, പകലുകളിൽ ജിഹാദ്-എ-നഫ്സിൽ ഏർപ്പെടുന്നവരുടേയും, രാവുകൾ തങ്ങളുടെ പാപ പ്പൊറുതിക്കുള്ള അർത്ഥനകൾക്കായി നീക്കിവയ്ക്കുന്ന യാത്രക്കാരുടെയും യജമാനനായ അല്ലാഹ്! ഇവരെന്റെ സഹോദരങ്ങളാണ്. അതിനാലവർക്ക് പൊറുത്തുകൊടുക്കുകയും അവരെ പരിഷ്കരിക്കുകയും, അവരുടെ അകക്കണ്ണുകളെ തുറപ്പിക്കുകയും, നീ എനിക്ക് കാണിച്ചുതന്നതൊക്കെ നന്നായി ഗ്രഹിക്കുന്നതിന് അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യേണമേ.

ഈ നൂറ്റാണ്ടിൽ നീ നിയോഗിച്ച ഈ വിനീതദാസനെ, പരിഷ്കർത്താവായും-(മുഹ്‌യ്ദ്ദീൻ-ആയും) ഖലീഫത്തുല്ലാഹ് ആയും അവർ തിരിച്ചറിയാനിടയാക്കേണമേ. നിന്റെ പ്രവാ

ചകൻ(സ) ഈ ലോകത്തെ പഠിപ്പിച്ച കാര്യങ്ങളെ പുനഃരുജ്ജീവിപ്പിക്കുന്നതിനും, അത് അവർക്ക് പഠിപ്പിച്ചു കൊടുക്കുന്നതിനുമായി, ഭൂമിയിൽ ഈ നൂറ്റാണ്ടിൽ നിയോഗിതനായ നിന്റെ സ്വന്തം പ്രതിനിധിയാണ് ഞാനെന്ന് അവരെ തിരിച്ചറിയിയ്ക്കേണമേ. തിരുനബി(സ) കൊണ്ട്ടുവന്നതും, ലോകത്തെ പഠിപ്പിച്ചതുമായ അതേ മാർഗ്ഗമാണിതെന്ന് അവർക്ക് ബോധ്യം നല്കേണമേ. ആ വഴി, തകർന്നുപോയിരിക്കുന്നത്, നന്നാക്കിയെടുക്കുവാൻ മാത്രം വന്നതാണ് ഞാനെന്നും, ഇല്ലായിരുന്നുവെങ്കിൽ അജ്ഞതയാകുന്ന അന്ധകാരത്തിൽ അവർ ആണ്ടുപോകുമായിരുന്നേനെ എന്നുമവർക്ക് മനസ്സിലാക്കി കൊടുക്കേണമേ. തഖ്‌വയോടു കൂടി അവരെ നിന്നിലേക്കു നയിക്കുന്ന ശരിയായ പാതയിലേക്ക് നയിക്കുവാനാണ് ഞാൻ വന്നിരിക്കുന്നതെന്ന് അവർക്ക് കാണിച്ചുകൊടുക്കേണമേ! അതുവഴി അവർക്ക് തഖ്‌വ കൈക്കൊള്ളുവാനും, നിന്നിൽ നിന്നുള്ള പ്രതിഫലങ്ങൾ കൈപ്പറ്റുവാനും സാധിക്കേണമേ! അവർ നിന്നെ നേരിൽ കാണുന്ന ദിനത്തിൽ നീ അവരിൽ തൃപ്തിപ്പെടുന്നതിനും, നിന്നെ കണ്ട്ടുമുട്ടിയതിൽ അവർ സന്തോഷിക്കുന്നതിനുമുള്ള അവസരം സംജാതമാക്കേണമേ!

സൃഷ്ടികളുടെ യജമാനൻ ആയവനേ! നിനക്കാകുന്നു സർവ്വശക്തിയും; സകല പ്രണാമങ്ങളും! സത്യം ചവിട്ടി മെതിയ്ക്കപ്പെട്ടുപോകുമ്പോൾ സർവ്വസൃഷ്ടികൾക്കും, നീ സത്യത്തിന്റെ പാത കാട്ടിക്കൊടുക്കേണമേ. ഓ, അല്ലാഹ്! എല്ലാ തെറ്റിദ്ധാരണകളെയും, എല്ലാ വാഗ്വാദങ്ങളെയും, എല്ലാ അഭിപ്രായ ഭിന്നതകളെയും അവസാനിപ്പിച്ചാലും. നിന്റെ ഏകത്വത്തിൻ കീഴിൽ, നിന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാരോടൊപ്പം അവരെ നീ ഒരുമിപ്പിക്കേണമേ!

എന്റെ അല്ലാഹ്! എന്റെ പ്രിയങ്കരനായ നാഥാ! അവിശ്വാസികൾ എന്നിലേല്പിക്കുന്ന വേദനകളെ അവിടുത്തെ മനോഹരമായ ഒരു ദൃഷ്ടി കൊണ്ട്, (നോട്ടം) മൂർച്ചയേറിയ ഒരു വാളാലെന്നവണ്ണം വെട്ടിയെറിയുന്നു എന്നു ഞാനറിയുന്നു. നാഥാ! നിന്നിലേക്കോടിയണയാൻ വേണ്ടി മണ്ണായിത്തീരാൻ ഞങ്ങൾ ഒരുക്കമാണ് നാഥാ! നിന്നിൽ നിന്നും അകന്നിരിക്കുന്നത് വലിയ വിരഹവേദനയ്ക്ക് കാരണം ആകുന്നു തമ്പുരാനേ! ഒരു നിമിഷം നീയില്ലാതെ സമാധാനമായി തങ്ങാൻ

ഇവിടെ എനിയ്ക്കാവില്ല നാഥാ! രോഗിയായ ഒരാളുടെ ഹൃദയം കിതയ്ക്കുന്ന വേഗതയിൽ, നിന്നിലേക്കെത്താൻ എന്റെ ജീവൻ പിടയ്ക്കുന്നു നാഥാ! അല്ലാഹ്! എന്നിലേക്ക് ആ ദൃഷ്ടി ഒന്നു നീട്ടിയാലും, നിന്റെ അടുത്തിരുന്ന് ദിനം ദിനം വിലപിക്കുന്ന ഈ രോദനമൊന്നു കേട്ടാലും! നിന്റെ സ്നേഹിതനെ നിന്റെ ഈ പ്രിയപ്പെട്ട ദാസനെ വിട്ടുകളയല്ലേ നാഥാ! കൊലപ്പെടുത്താൻ അനുവദിയ്ക്കരുതേ! വിട്ടുകൊടുക്കരുതേ!

അല്ലയോ പ്രിയ സഹോദരീ സഹോദരന്മാരെ! ആരാണോ മണ്ണോടുചേരുക(അവനെ കുമ്പിടുക) അവരെ അല്ലാഹു ഒപ്പം ചേർക്കും. അല്ലാത്തവരെ അവൻ ശ്രദ്ധിക്കുകയേയില്ല. അല്ലാഹു തന്റേതാണെന്ന് ആര് കരുതുന്നവോ അവൻ അല്ലാഹുവിന്റേത് ആകുന്നു. അവനെ പുച്ഛിച്ചുതള്ളുന്ന ഏതൊരുവനും ഒടുവിൽ അഭയം തേടി അവന്റെ കാല്ക്കൽ വന്നു കേഴുക തന്നെ ചെയ്യും.

പ്രകൃതിയിൽ കാണുന്ന പുഷ്പങ്ങളെ നോക്കൂ! അവയുള്ളതിനാലാണ് ഇത്രമേൽ ഭംഗിയും, സൗന്ദര്യവും പ്രകൃതിയ്ക്ക് കിട്ടിയതും, സൂര്യനും ചന്ദ്രനും ശോഭിക്കുന്നതും!

അല്ലയോ, അല്ലാഹ്! നിന്റെ അഭൗമസൗന്ദര്യത്തെ നീ പ്രകടിപ്പിച്ചാലും, എത്ര നീളുന്ന കാലമാണ് നിന്റെ മുഖം നീ വിരിമറയ്ക്കുള്ളിൽ മറച്ചുവെയ്ക്കുക? (അല്ലാഹ്, നീ നിന്റെ മുഖം അവരെ കാട്ടിക്കൊടുക്കുക. എന്നെ നിന്നിലേക്ക് പിടിച്ചടുപ്പിച്ച നിന്റെ ആ മുഖം നീ അവർക്ക് കാട്ടിക്കൊടുക്കു) ഇൻശാഹ് അല്ലാഹ് !ആമീൻ !



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***